വിദേശപര്യടനാവസരത്തിൽ മന്ത്രിമാരെ അനുഗമിച്ച ഉദ്യോഗസ്ഥർക്കുവേണ്ടി ചെലവഴിച്ച തുക

9(1248) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രിയോ മറ്റ് മന്ത്രിമാരോ നടത്തിയ വിദേശപര്യടനാവസരത്തിൽ അവരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടതോ അല്ലാത്തതോ ആയ ഏതെല്ലാം ഉദ്യോഗസ്ഥന്മാർ അവരെ അനുയാത്ര ചെയ്തു ;

(ബി) ഇപ്രകാരം മന്ത്രിമാരെ അനുഗമിച്ച ഓരോ ഉദ്യോഗസ്ഥനും വേണ്ടി ടി.എ., ഡി.എ., താമസം, വാഹനം മുതലായ ഇനങ്ങളിൽ എത്ര ചെലവ് വന്നിട്ടുണ്ട്;

(സി) പ്രസ്തുത ഇനങ്ങളിൽ ഇനിയും എന്ത് തുക നൽകാനുണ്ട്?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ ജീവനക്കാർക്ക് വിദേശ ജോലിക്ക് അവധി അനുവദിക്കുന്നതിൽ നിയന്ത്രണം

10(1247) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. എം. മോനായി :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിൽ നിന്ന് ദീർഘകാല അവധിയെടുത്ത് വിദേശത്തു ജോലി ചെയ്യുന്നവരെ പിരിച്ചുവിട്ട് പകരം നിയമനം നടത്തണമെന്ന ഹൈക്കോടതിയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ;

(സി) സർക്കാർ ജീവനക്കാർക്ക് വിദേശ ജോലിക്ക് അവധി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) നിലവിലുള്ള സമ്പ്രദായം മാറ്റമില്ലാതെ തുടരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിദേശത്ത് ജോലി നോക്കുന്നതിലേക്ക് അവധി അനുവദിക്കുന്നത് കെ.എസ്.ആർ. ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇപ്രകാരം 20 വർഷം വരെ അവധി അനുവദിക്കുന്നതിന് ചട്ടങ്ങളിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly